കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരഗ്രാമാസൂത്രണ വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനറായ ശ്രീ. സത്യബാബു.കെയ്ക്ക് സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

.=====================================================================

## തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ.ഉ.(സാധാ) നം. 1462/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 10.06.2014

=====================================================================

പരാമർശം:- മുഖ്യനഗരാസൂത്രകന്റെ 08.10.2013-ലെ എ3/6872/13 നമ്പർ കത്ത്.

## ഉത്തരവ്

നഗരഗ്രാമാസൂത്രണ വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനറായ ശ്രീ.സത്യബാബു.കെ.യ്ക്ക് 08.07.2013 പ്രാബല്യത്തിൽ 24040-38840 ശമ്പള സ്കെയിലിൽ 22 വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയതിനുള്ള മൂന്നാം സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിന് പരാമർശ കത്തു പ്രകാരം മുഖ്യനഗരാസൂത്രകൻ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ.കെ. സത്യബാബുവിന് 2009 ശമ്പള പരിഷ്ക്കരണം നടത്തിയിരിക്കുന്നത് ക്രമപ്രകാരമല്ല. ടിയാൻ 01.07.2009 തീയതിയ്ക്ക് മുമ്പ് ടൗൺ പ്ലാനിംഗ് സർവ്വേയർ ഗ്രേഡ് I തസ്തികയിൽ രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് നേടിയിട്ടുള്ള വ്യക്തിയായതിനാൽ 2009 ശമ്പള പരിഷ്ക്കരണം 01.07.2009 പ്രാബല്യത്തിൽ ടിയാന് അർഹതപ്പെട്ട 22360-37940 രൂപ ശമ്പള സ്കെയിലിലാണ് നിർണ്ണയിക്കേണ്ടിയിരുന്നത്. തുടർന്ന് 11.05.2012-ൽ ഡെപ്യൂട്ടി ടൗൺ പ്ലാനറായി റെഗുലർ പ്രൊമോഷൻ ലഭിക്കുമ്പോൾ ടിയാൾക്ക് ശമ്പള നിർണ്ണയം നടത്തേണ്ട ആവശ്യമില്ല. ടിയാൾക്ക് രണ്ടാം സമയബന്ധിത ഹയർ ഗ്രേഡിൽ തന്നെ തുടരാവുന്നതാണ്. ടിയാൾ 07.07.2013 പ്രാബല്യത്തിൽ 22 വർഷ യോഗ്യസേവനം പൂർത്തിയാക്കുന്നതിനാൽ മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് 08.07.2013 തീയതി പ്രാബല്യത്തിൽ (ഓപ്ഷൻ തീയതി) 24040-38840 രൂപ ശമ്പള സ്കെയിലിൽ 26.02.2011 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 85/2011/ധന സർക്കാർ ഉത്തരവിലെ അനുബന്ധം III ഖണ്ഡിക 1 (iii), 9 ടേബിൾ II പ്രകാരം KSR ഭാഗം I ചട്ടം 28 എ

നിർണ്ണയാനുകൂല്യത്തോടെ അനുവദിച്ചു നൽകി ഉത്തരവാകുന്നു. തെറ്റായ ശമ്പള നിർണ്ണയം വഴി 11.05.2012 മുതൽ ടിയാൻ വാങ്ങിയിട്ടുള്ള അധിക തുക മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുമ്പോഴുള്ള കുടിശ്ശികയിൽ തട്ടിക്കിഴിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എസ്. വേണുഗോപാലൻ നായർ,**
**ഡെപ്യൂട്ടി സെക്രട്ടറി**

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
ശ്രീ. സത്യബാബു കെ., ഡെപ്യൂട്ടി ടൗൺ പ്ലാനർ
നഗരഗ്രാമാസൂത്രണ വകുപ്പ് (മുഖ്യനഗരാസൂത്രകൻ വഴി)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**